ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 01.07.2024 | പ്രധാന വാർത്തകൾ | TIME : 07.25 PM

1. രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയ ചർച്ചകൾ പാർലമെന്റിൽ ഇന്ന് നടന്നു. നീറ്റ് വിഷയത്തിൽ ഇരു സഭകളും പ്രക്ഷുബ്ധമായി.

   **The Lok Sabha today took up discussion on Motion of Thanks on President Droupadi Murmu's address to the joint sitting of the Lok Sabha and the Rajya Sabha.**

2. നയപ്രഖ്യാപന ചർച്ചയിൽ സർക്കാരിനെതിരെ രൂക്ഷവിമർശനം ഉയർത്തി പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി. പ്രതിപക്ഷ പരാമർശങ്ങളെ കടന്നാക്രമിച്ച് ഭരണപക്ഷം.

   **Participating in the discussion, Leader of Opposition Rahul Gandhi raised the issues against Government. Ruling MPs criticized opposition remark.**

3. രാജ്യത്ത് ഇന്ന് മുതൽ പ്രാബല്യത്തിൽ വന്ന മൂന്ന് ക്രിമിനൽ നിയമങ്ങൾ, നീതിനിർവഹണം വേഗത്തിലാക്കുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

   **Union Home Minister Amit Shah has said that the three criminal laws, which came into effect from today, will lead to the most modern criminal justice system in the country**

4. കേരളത്തിൽ നാലുവർഷ ബിരുദ കോഴ്സുകൾക്ക് തുടക്കമായി. ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിച്ചു.

   **Four Year Degree Courses started in Kerala, CM Pinarayi Vijayan launched the programme,**

5. ദക്ഷിണാഫ്രിക്കയ്ക്കെതിരായ വനിതാ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് പത്തുവിക്കറ്റ് ജയം.

   **India won the test cricket match against South Africa by 10 wickets today.**

&&&&&&&&&&&&&&&&&&&

# HEADLINE 1,2

# EVE. PAR-MOTION OF THANKS

രാഷ്ട്രപതിയുടെ അഭിസംബോധനയിന്മേലുള്ള നന്ദിപ്രമേയ ചർച്ചകൾ പാർലമെന്റിന്റെ ഇരുസഭകളിലും ഇന്ന് നടന്നു. നീറ്റ് വിഷയം ഉയർത്തിയുള്ള രൂക്ഷമായ പ്രതിപക്ഷ പ്രതിഷേധത്തിനും പാർലമെന്റ് ഇന്ന് വേദിയായി. ബിജെപി അംഗങ്ങളായ അനുരാഗ് സിങ്ങ് ഠാക്കൂർ, ബാംസുരി സ്വരാജ്, പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധി, കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജുൻ ഖർഗേ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. ജനക്ഷേമത്തിനും, സാമ്പത്തിക വളർച്ചയ്ക്കുമായി നിരവധി നടപടികൾ നരേന്ദ്രമോദി സർക്കാർ കഴിഞ്ഞ 10 വർഷത്തിനിടെ നടപ്പാക്കിയതായി ശ്രീ അനുരാഗ് സിങ്ങ് ഠാക്കൂർ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞു. 25 കോടി ജനങ്ങളെ സർക്കാർ ദാരിദ്ര്യത്തിൽ നിന്നും കരകയറ്റിയതായും എൺപത് കോടി ജനങ്ങൾക്ക് സൗജന്യ ഭക്ഷ്യധാന്യം നൽകിയതായും അദ്ദേഹം ചൂണ്ടിക്കാട്ടി. കർഷക ക്ഷേമത്തിനും സ്ത്രീശാക്തീകരണത്തിനും കേന്ദ്രസർക്കാർ പ്രത്യേക പ്രാധാന്യം നൽകുന്നതായി ബിജെപി എംപി ബാംസുരി സ്വരാജ് പറഞ്ഞു. നീറ്റ് പരീക്ഷാ ക്രമക്കേട്, അഗ്നീവീർ പദ്ധതി, മണിപ്പൂർ കലാപം, വിലക്കയറ്റം, കർഷക പ്രശ്നങ്ങൾ എന്നിവ ഉയർത്തി കേന്ദ്ര സർക്കാരിനെതിരെ രൂക്ഷ വിമർശനമാണ് ശ്രീ രാഹുൽ ഗാന്ധി സഭയിൽ ഉന്നയിച്ചത്. നീറ്റ് പരീക്ഷ പണക്കാരെ മാത്രം പിന്തുണയ്ക്കുന്ന രീതിയിലാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് ആരോപിച്ച അദ്ദേഹം നീറ്റ് ക്രമക്കേട് ചർച്ച ചെയ്യുന്നതിന് മാത്രമായി ഒരു ദിവസം മാറ്റിവക്കണമെന്ന ആവശ്യവും മുന്നോട്ട് വച്ചു. ഒരു സമുദായവുമായി ബന്ധപ്പെട്ട ശ്രീ രാഹുൽഗാന്ധിയുടെ പരാമർശത്തിനെതിരെ പ്രധാനമന്ത്രിയും കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായും രംഗത്തുവന്നതോടെ സഭ കൂടുതൽ സംഘർഷഭരിതമായി.

ഏതെങ്കിലും ഒരു സമുദായത്തെ അക്രമോത്സുകരെന്ന് വിളിക്കുന്നത് ഗൗരവകരമാണെന്ന് ശ്രീ മോദി പറഞ്ഞു. അഗ്നിവീർ പദ്ധതിയ്ക്കെതിരായ വിമർശനങ്ങളിൽ പ്രതികരിച്ച് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങും രംഗത്തെത്തി. ജോലിയ്ക്കിടെ ജീവൻ നഷ്ടമാകുന്ന അഗ്നിവീറുകൾക്ക് രക്തസാക്ഷി പദവി നൽകുന്നില്ല എന്നാണ് രാഹുൽഗാന്ധി ആരോപിച്ചത്. ഇത് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന പരാമർശമാണെന്ന് രാജ്യരക്ഷാമന്ത്രി പറഞ്ഞു. രാജ്യസഭയിലും നീറ്റ് വിഷയവുമായി ബന്ധപ്പെട്ട പ്രതിപക്ഷ ബഹളത്തിനിടെയാണ് നന്ദിപ്രമേയ ചർച്ചകൾ നടന്നത്. കാഴ്ചപ്പാടും ദിശയും നഷ്ടപ്പെട്ടതാണ് രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗമെന്ന് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗേ പറഞ്ഞു. നീറ്റ്, ട്രെയിൻ അപകടങ്ങൾ, ജമ്മു കശ്മീർ ഭീകരാക്രമണം തുടങ്ങിയ വിഷയങ്ങളിലും അദ്ദേഹം കേന്ദ്രസർക്കാരിനെതിരെ വിമർശനമുയർത്തി.

**************************************************

## VAISHNAW-RAHUL

നിരുത്തരവാദപരമായ പ്രസ്താവനയാണ് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഇന്ന് ലോക്സഭയിൽ നടത്തിയതെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. രാജ്യത്തെ ജനങ്ങളെ വേദനിപ്പിക്കുന്ന പ്രസാവനയാണിതെന്നും അദ്ദേഹം ന്യൂഡൽഹിയിൽ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. പ്രതിപക്ഷ നേതാവിന്റെ പദവി ഏറെ ഉത്തരവാദിത്തം നിറഞ്ഞതാണെന്ന് ചൂണ്ടിക്കാട്ടിയ കേന്ദ്രമന്ത്രി അഗ്നിവീർ പദ്ധതിയെ കുറിച്ച് ശ്രീ രാഹുൽ ഗാന്ധി തെറ്റായ കാര്യങ്ങളാണ് പറഞ്ഞതെന്നും വിമർശിച്ചു. ഭരണഘടനാ സ്ഥാപനങ്ങളെ ദുർബലപ്പെടുത്താനാണ് കോൺഗ്രസ് ശ്രമിക്കുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

**************************************************

## HEADLINE 3

## EVE AMIT-CRIMINAL LAWS

ഇന്ത്യയിൽ ഇന്ന് മുതൽ പ്രാബല്യത്തിൽ വന്ന മൂന്ന് ക്രിമിനൽ നിയമങ്ങൾ, അത്യാധുനിക നീതിന്യായ വ്യവസ്ഥ രാജ്യത്ത് ഉറപ്പുവരുത്തുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. തീർത്തും സ്വദേശീയമായ ഈ നിയമങ്ങൾ ഇന്ത്യൻ മൂല്യവ്യവസ്ഥയുടെ സത്ത ഉൾക്കൊള്ളുന്നവയാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. വേഗത്തിൽ നീതി നടപ്പാക്കുന്നതിനും, കുറ്റകൃത്യങ്ങൾക്ക് ഇരയാകുന്നവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും പുതിയ നിയമങ്ങൾ സഹായിക്കും. സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ കുറ്റകൃത്യങ്ങളിൽ ശിക്ഷയുറപ്പാക്കുന്നതിന് പ്രത്യേക പ്രധാന്യം ഈ നിയമങ്ങളിലൂടെ നൽകുന്നതായും ശ്രീ അമിത് ഷാ വ്യക്തമാക്കി.

(ഹോൾഡ്)

കുട്ടികളെ ബലാത്സംഗം ചെയ്യുന്നവർക്ക് വധശിക്ഷയും, കൂട്ടബലാത്സംഗത്തിന് 20 വർഷമോ, ജീവപര്യന്തമോ തടവ് ശിക്ഷയും പുതിയ നിയമം ഉറപ്പുവരുത്തുന്നു. ആൾക്കൂട്ട ആക്രമണങ്ങൾക്ക് എതിരായും കർശന വ്യവസ്ഥകൾ നിയമത്തിലുണ്ട്. പുതിയ ക്രിമനൽ നിയമങ്ങളെക്കുറിച്ച് പ്രതിപക്ഷം തെറ്റായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നതായും ശ്രീ അമിത് ഷാ കുറ്റപ്പെടുത്തി.

***************************************************

## KONDOTTY

പുതുതായി നിലവിൽ വന്ന ഭാരതീയ ന്യായസംഹിത പ്രകാരമുള്ള സംസ്ഥാനത്തെ ആദ്യത്തെ FIR മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തു. അശ്രദ്ധമായും മനുഷ്യജീവന് അപകടം വരുത്തുന്ന രീതിയിലും ഇരുചക്രവാഹനം ഓടിച്ചതിന് ഇന്ന് പുലർച്ചെ കൊണ്ടോട്ടി പോലീസ് സ്വമേധയയാണ് കേസ് രജിസ്റ്റർ ചെയ്തത്.

**********************************************

## HEADLINE 4

## 4 YEAR DEGREE COURSE - CM

സംസ്ഥാനത്ത് നാലുവർഷ ബിരുദ കോഴ്സിന് തുടക്കമായി. നാലുവർഷ ബിരുദത്തിന്റെ സമാരംഭവും സംസ്ഥാനതല വിജ്ഞാനോത്സവവും മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. കേരള, കാലിക്കറ്റ്, എം.ജി, കണ്ണൂർ സർവ്വകലാശാലകൾക്ക് കീഴിലെ 864 കോളേജുകളിലും വിവിധ പഠന കേന്ദ്രങ്ങളിലുമായാണ് നാലുവർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നത്.

**********************************************

## MAHA - NEETEXAM

നീറ്റ് - യു.ജി പുനഃപരീക്ഷാഫലം ദേശീയ പരീക്ഷാ ഏജൻസി പ്രഖ്യാപിച്ചു. 1563 പേർക്കാണ് പുനഃപരീക്ഷ നടത്തിയത്. സ്കോർ കാർഡുകൾ exams.nta.ac.in/NEET എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതായി NTA അറിയിച്ചു. അതേസമയം നീറ്റ് - യുജി പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട് ഗുജറാത്തിൽ സ്വകാര്യ സ്കൂൾ ഉടമയെ സിബിഐ അറസ്റ്റ് ചെയ്തു. ഇതോടെ കേസിൽ ഗുജറാത്തിൽ അറസ്റ്റിലായവരുടെ എണ്ണം ആറായി. നീറ്റ് - യു.ജി ചോദ്യ പേപ്പർ ചോർച്ച കേസുമായി ബന്ധപ്പെട്ട് സി ബി ഐ ഇന്ന് മഹാരാഷ്ട്രയിലെ ലാത്തൂരിൽ എത്തി. കേന്ദ്ര ഏജൻസിയുടെ അഭ്യർത്ഥന പ്രകാരം ലാത്തൂർ കോടതി അന്വേഷണ ചുമതല പൊലീസിൽ നിന്ന് സി ബി ഐക്ക് കൈമാറിയിരുന്നു.

**********************************************

## COURT - PATKAR

ക്രിമിനൽ മാനനഷ്ട കേസിൽ പ്രമുഖ പരിസ്ഥിതി പ്രവർത്തക മേധാ പട്കർക്ക് 5 മാസം തടവു ശിക്ഷ വിധിച്ച് ഡൽഹി കോടതി. നിലവിലെ ഡൽഹി ലെഫ്റ്റനന്റ് ഗവർണർ വിനയ്

കുമാർ സക്സേന, 2001-ൽ നൽകിയ പരാതിയിലാണ് കോടതി വിധി. അന്ന് നാഷണൽ കൗൺസിൽ ഫോർ സിവിൽ ലിബർട്ടീസ് എന്ന എൻജിഒയുടെ പ്രസിഡന്റായിരുന്ന സക്സേന, ഒരു പത്രക്കുറിപ്പിലൂടെ തന്നെ അപകീർത്തിപ്പെടുത്തിയതിനാണ് മേധാ പട്കറിനെതിരെ കേസ് ഫയൽ ചെയ്തത്.

************************************************

## PM - DIGITAL INDIA

ഡിജിറ്റൽ ഇന്ത്യ സംരംഭം വിജയകരമായി 9 വർഷം പൂർത്തിയാക്കിയതിൽ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ശാക്തീകരിച്ച ഇന്ത്യയുടെ പ്രതീകമാണ് ഡിജിറ്റൽ ഇന്ത്യയെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. ഈ മേഖലയിൽ കഴിഞ്ഞ 10 വർഷം കൈവരിച്ച നേട്ടങ്ങളുടെ വിശദാംശങ്ങളും പ്രധാനമന്ത്രി പങ്കുവെച്ചു. ഡിജിറ്റൽ ഇന്ത്യയിലൂടെ 11 കോടിയിലധികം കർഷകർക്ക് ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് പണം ലഭിക്കുന്നുണ്ട്. 137 കോടിയിലധികം ആധാർ നമ്പറുകളും രാജ്യത്ത് ലഭ്യമാക്കി. ഡിജിലോക്കറിൽ 674 കോടിയിലധികം രേഖകൾ ഉൾപ്പെടുത്തി. 6.83 ലക്ഷം കിലോമീറ്റർ ഒപ്റ്റിക്കൽ ഫൈബർ ശൃംഖല ഭാരത് നെറ്റിലൂടെ സ്ഥാപിച്ചു. 535 ലക്ഷം കോടി രൂപയുടെ UPI ഇടപാടുകളും. 34.6 കോടി ആയുഷ്മാൻ കാർഡുകളും, ഒമ്പത് കോടിയിലധികം ഫാസ്ടാഗുകളും ഡിജിറ്റൽ ഇന്ത്യയുടെ ഭാഗമായി രാജ്യത്ത് അനുവദിച്ചതായും അദ്ദേഹം വ്യക്തമാക്കി.

************************************************

## GLOBAL INDIA AI SUMMIT

Global India AI ഉച്ചകോടിക്ക് മറ്റെന്നാൾ ന്യൂഡൽഹിയിൽ തുടക്കമാകും. കേന്ദ്ര ഇലക്ട്രോണിക്സ് ഐ ടി മന്ത്രാലയമാണ് രണ്ട് ദിവസത്തെ എ ഐ സമ്മേളനം സംഘടിപ്പിക്കുന്നത്. കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്, സഹമന്ത്രി ജിതിൻ പ്രസാദ തുടങ്ങിയ

പ്രമുഖർ സംബന്ധിക്കും. വിവര കൈമാറ്റം, എ ഐ സാങ്കേതിക വിദ്യയിലെ വളർച്ചയിൽ ഇന്ത്യയുടെ പ്രതിബദ്ധത തുടങ്ങിയവയാണ് പ്രധാന ചർച്ചാ വിഷയം. Application Development, Startup Financing, സുരക്ഷിത എ ഐ തുടങ്ങിയ മേഖലകൾക്ക് ഉച്ചകോടിയിൽ ഊന്നൽ നൽകും.

*************************************************

## HAJJ

പുണ്യഭൂമിയിൽ ഹജ്ജ് കർമം നിർവഹിച്ച ചാരിതാർഥ്യവുമായി തീർഥാടകർ നാട്ടിലേക്കു മടങ്ങിത്തുടങ്ങി. തീർത്ഥാടകരെ വഹിച്ചുള്ള ആദ്യ വിമാനം കരിപ്പൂരിൽ എത്തി. എയർ ഇന്ത്യ എക്സ്പ്രസ് വിമാനത്തിൽ വൈകിട്ട് നാലരയോടെയാണ് ആദ്യസംഘം എത്തിയത്. ഹാജിമാരെ സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാൻ സി. മുഹമ്മദ് ഫൈസിയുടെ നേതൃത്വത്തിൽ വിമാനത്താവളം അധികൃതരും എയർ ഇന്ത്യ എക്സ്പ്രസ് ജീവനക്കാരും ചേർന്ന് സ്വീകരിച്ചു. കോഴിക്കോട്, കണ്ണൂർ, കൊച്ചി വിമാനത്താവളങ്ങൾ വഴി 89 വിമാന സർവീസുകളിലായാണ് ബാക്കിയുള്ള തീർഥാടകർ നാട്ടിലെത്തുക. രണ്ടാമത്തെ വിമാനം ഇന്നു രാത്രി 8.25 നു കരിപ്പൂരിലെത്തും.

*************************************************

## HEADLINE 5

## WOMENS CRICKET

ദക്ഷിണാഫ്രിക്കയ്ക്കെതിരായ വനിതാ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് പത്തുവിക്കറ്റ് ജയം. ചെന്നൈയിലെ ചിദംബരം സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ദക്ഷിണാഫ്രിക്ക ഉയർത്തിയ 37 റൺസ് വിജയലക്ഷ്യം ഇന്ത്യ 9.2 ഓവറിൽ മറികടന്നു. ആദ്യ ഇന്നിങ്സിൽ ഇന്ത്യ നേടിയ 603 റൺസിനെതിരെ ഫോളോ ഓൺ ചെയ്ത ദക്ഷിണാഫ്രിക്ക, ഒന്നാം ഇന്നിങ്സിൽ 266 റൺസിനും രണ്ടാം ഇന്നിങ്സിൽ 373 റൺസിനും പുറത്താവുകയായിരുന്നു.

*************************************************

# JITENDRA - PENSION

കുടുംബ പെൻഷൻ പരാതി പരിഹാരത്തിനായി പ്രത്യേക കാമ്പെയ്നിന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിങ്ങ് ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു. കുടുംബ പെൻഷൻ പദ്ധതിയിൽ സ്ത്രീകൾക്കായി അടുത്തിടെ വരുത്തിയ ഭേദഗതികൾ അനുകൂല മാറ്റങ്ങളാണ് കൊണ്ടുവന്നതെന്ന് അദ്ദേഹം പറഞ്ഞു. ഒരു മാസം നീളുന്ന യഞ്ജത്തിൽ 46 മന്ത്രാലയങ്ങളും വകുപ്പുകളും ഭാഗമാകുന്നുണ്ട്.

*

************************

*************************************************************************